# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2931 — 11/12/2014 ൽ മറുപടിക്ക്

### ഐ.ഇ.ഡി.എസ്.എസ് റിസോഴ്സ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.സാജു പോൾ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ഐ.ഇ.ഡി.എസ്.എസ് ( Inclusive Education for Disabled at Secondary stage) റിസോഴ്സ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ; | എ) | കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IED SS പ്രകാരം സംസ്ഥാനത്തിലെ വിവിധ ജില്ലകളിലായി 725 റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്ന ശേഷിയുള്ള കുട്ടികളെ സഹായിക്കാനായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 18,665/- രൂപ പ്രതിമാസം ശമ്പളമായും ഓണം അലവൻസും 90 ദിവസത്തെ ശമ്പളത്തോടുകൂടിയ മെറ്റേർണിറ്റി ലീവും 15 ദിവസത്തെ കാഷ്വൽ ലീവും അനുവദിക്കുന്നു. |
| ബി) | കേരളത്തിൽ ആകെ എത്ര ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ; | ബി) | കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IED SS പ്രകാരം സംസ്ഥാനത്തിലെ വിവിധ ജില്ലകളിലായി 725 റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്ന ശേഷിയുള്ള കുട്ടികളെ സഹായിക്കാനായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| സി) | ജയരാജൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | സി) | ജയരാജൻ കമ്മീഷന്റെ പഠനം മുഖ്യമായും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പ്രത്യേക വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിനും അവിടുത്തെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങളുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ